# സർഗ്ഗം




# 2023-24

# സന്ദേശം

ഈ ലോകത്തിൽ ജ്ഞാനത്തിനു തുല്യം പവിത്രമായി മറ്റൊന്നില്ല ഈ പവിത്രതയാണ് വിദ്യാഭ്യാസത്തിലൂടെ ഗുരുനാഥന്‍ കുട്ടികൾക്ക് പകർന്ന് നൽകുന്നത് .ഡിജിറ്റൽ സാങ്കേതികവിദ്യ ഇന്ന് അതിനൊപ്പം ഉയർന്നിരിക്കുന്നു . അതിന്റെ പ്രതിഫലനങ്ങളാണ് കൈറ്റ് കൂട്ടായ്മയുടെ ഭാഗമായ ലിറ്റിൽ കൈറ്റ്സിൽ നാം കാണുന്നത് .ശക്തികുളങ്ങര സെന്റ്.ജോസഫ് ഹൈസ്കൂളിന് അതിന്റെ ഭാഗമാകാന്‍ കഴിഞ്ഞതിൽ ഞാന്‍ അഭിമാനിക്കുന്നു .കുട്ടികളുടെ സർഗവാസനകളെ ക്രിയാത്മകമായി സാങ്കേതിക വിദ്യയിലൂടെ ഉയരങ്ങളിൽ എത്തിക്കുവാന്‍ ഇ –മാഗസിന്‍ എന്ന സംരംഭത്തിലൂടെ സാധിക്കുന്നു .ഇതിനായി യത്നിച്ച ലിറ്റൽ കൈറ്റ്സ് അംഗങ്ങൾക്കും അധ്യാപകർക്കും അഭിനന്ദങ്ങൾ .നൂലഴിയാത്ത പട്ടങ്ങളെ പോലെ നമ്മുടെ കുട്ടികൾ പറന്നുയരട്ടെ എന്നാശംസിക്കുന്നു ...

ഹെർമോയിന്‍ പാറ്റേഴ്സണ്‍

ഹെഡ് മിസ്ട്രസ്



പിറന്നു വീഴുന്ന ഓരോ കുഞ്ഞിന്റെയും ഭാവി ഒരു പരിധി വരെ അവന് ലഭിക്കുന്ന വിദ്യാഭ്യാസത്തെ ആശ്രയി ച്ചിരിക്കുന്നു . വളർന്നു വരുന്ന തലമുറയുടെ പൂർണ വികാസ ത്തിനും അഭിരുചിക്കും ഇണങ്ങുന്ന പാഠ്യപദ്ധതിയാണ് നാം സ്വീകരിച്ചിരിക്കുന്നത് .പൊതു വിദ്യാലയങ്ങൾ ഭൂരിഭാഗവും ഹൈടെക് നിലവാരത്തിലേക്കു ഉയർന്നു കഴിഞ്ഞു.വിവര വിനിമയ സാങ്കേതിക വിദ്യയുടെ ഈ കുതിച്ചു ചാട്ടം കുട്ടികളിലും നമുക്ക് ദർശിക്കാനാകും .

ഇന്ന് കുട്ടികളുടെ എഴുത്തും വായനയും വരയുമൊക്കെ ആകാശപറവകളെ പോലെ ചിറകടിച്ചുയരുകയാണ് . അവരുടെ സർഗ്ഗവാസനകൾ' പ്രകടിപ്പിക്കുവാനുള്ള ഇടമാണല്ലോ സ്കൂൾ മാഗസിൻ ഇന്ന് അത് ഡിജിറ്റൽ ആയി കഴിഞ്ഞു .അതിനുള്ള കൊച്ചുമിടുക്കരുടെ ശ്രമമാണ് "സർഗ്ഗ"ത്തിൽ ദൃശ്യമാകുന്നത് .അവരുടെ വാസനകൾ ദർശിക്കുന്നതിനായി കൺതുറക്കാം .

എഡിറ്റർ

## മഴ

നൊമ്പരമെഴുതിയ മഴയേ .....
എത്ര നീ വേദന തന്നുവെന്നാകിലും
പ്രണയിച്ചു പോയില്ലേ നിന്നെ ഞാൻ ...
പ്രണയിച്ചിട്ടും ഞാൻ
ഇനിയുള്ള കാലവും
നിൻ മഴത്തുള്ളി കിലുക്കമാണെപ്പോഴും
എൻ ഇടനെഞ്ചിൻ ഹൃദയ താളം .....

Aswin
9A

1 .ലോകത്തിലെ ഏറ്റവും വലിയ ഗ്രഹം ?

2 .കണ്ണുള്ള അക്ഷരം ?

3 .വലിക്കും തോറും നീളം കുറയുന്നതെന്തിന്

4 .ആർക്കും വേണ്ടാത്ത  സുഖം ?

5. തലകുത്തി നിന്നാൽ വലുതാകുന്നതാര് ?

## ഉത്തരം

1. ആഗ്രഹം
2. ഐ (i )
3. സിഗററ്റ്
4. അസുഖം
5. 6

Sijina
9B